169 (1391) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

<u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ സാമ്പത്തികവർഷം നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) കോഴിക്കോട് പന്നിയങ്കര-ചക്കുംകടവ്-പയ്യാനക്കൽ റോഡ് വികസനത്തിന് തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിന് 625 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.ഒ.ബി. യുടെ അക്വൈസ്റ്റ്മെന്റ് പ്ലാൻ അപ്രൂവൽ കിട്ടിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡിറ്റൈസൻ തയ്യാറാക്കുവാനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

(ബി) ഡിറ്റൈസൻ അപ്രൂവൽ ആയതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ചുള്ള സാങ്കേതികാനുമതിയും പ്രത്യേകാനുമതിയും നൽകിയതിനുശേഷമേ പണി തുടങ്ങുവാൻ സാധിക്കുകയുള്ളു.

(സി) നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഭരണാനുമതി നൽകുന്നതിനായി 200 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പരിഗണനയിലാണ്.

170 (1392) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വകുപ്പു തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും പി.ഡബ്ല്യു.ഡി.യിലേക്ക് ഇതുവരെ ആരെയും നിയമിച്ചിട്ടില്ല എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പി.ഡബ്ല്യു.ഡി. യിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നല്കാതെ ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രമോട്ട് ചെയ്ത് നിയമനം നൽകുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത് സംബന്ധിച്ച് ഗവണ്മെന്റ് എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇതു സംബന്ധിച്ച് കോടതിയിൽ നിന്നും ഗവണ്മെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് മേശപ്പുറത്ത് വയ്ക്കുമോ;

(ഐ) ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രമോട്ട് ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും റേഷ്യോ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജെ) പി.ഡബ്ല്യു.ഡി. യിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകേണ്ടതില്ല എന്ന് ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(കെ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 31.12.1998-ൽ.

(ബി) ജലസേചന വകുപ്പിൽ 16.4.99-ൽ 109 പേർക്ക് നിയമന ഉത്തരവ് നൽകി. ഇതിൽ 9 പേർ ജോലിയിൽ പ്രവേശിച്ചില്ല. അതിനുശേഷം പ്രമോഷൻ വഴിയുണ്ടായ ഒഴിവുകൾ ഉൾപ്പെടെ 38 ഒഴിവുകൾക്ക് 10.12.99-ൽ നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ആരെയും നിയമിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) പൊതുമരാമത്തും ജലസേചനവും പ്രത്യേകം വകുപ്പുകളാക്കിയപ്പോൾ പൊതുമരാമത്ത് വകുപ്പ് ഓപ്റ്റ് ചെയ്തവർ കൂടുതലായതിനാൽ ഒഴിവുകൾ ഒന്നും ഉണ്ടായില്ല.

(ഇ) നേരിട്ടുള്ള നിയമനത്തിന് 16 ഒഴിവുകൾ ഉണ്ട്.

(എഫ്) പി.എസ്.സി. വഴി നിയമിക്കേണ്ട ഒഴിവുകൾ പ്രമോഷൻ വഴി നികത്തിയിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുവാൻ 28678/99, 16784/99 എന്നീ ഒ.പി. കളിലെ ഇടക്കാല ഉത്തരവുകളിൽ ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ഉണ്ടായിരുന്നു.

(ഐ) നേരിട്ടുള്ള നിയമനം വഴിയും ഡിപ്ലോമക്കാർക്കും സർട്ടിഫിക്കറ്റുകാർക്കും പ്രമോഷൻ വഴിയും 6:3:1 എന്ന അനുപാതത്തിൽ ആണ് നിയമനം നൽകുന്നത്.

(ജെ) ഇല്ല. 16 ഒഴിവുകൾ ഉണ്ടായത് 18.11.99 ൽ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(കെ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly